## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.03-2012-ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നമ്പർ. 851**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് : | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) തടസ്സങ്ങൾ ഒന്നും ഇല്ല. |
| (സി) നിലവിൽ പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് 30,000 രൂപയുടെ സൗജന്യ ചികിത്സ ലഭിക്കും. [illegible] ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കാണ് |

ഇപ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നത്. അനുബന്ധമായി നടപ്പാക്കിവരുന്ന 'ചിസ്പ്ലസ്' പദ്ധതി പ്രകാരം ക്യാൻസർ, ഹൃദയം, കിഡ്നി എന്നിവയുടെ മാരക രോഗങ്ങൾക്ക് സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ആർ.സി.സി, എസ്.സി.റ്റി, എം.സി.സി. മുതലായ സ്പെഷ്യലൈസ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേന പരമാവധി 70,000 രൂപയുടെ അധിക ചികിത്സാ സഹായവും ബി.പി.എൽ.വിഭാഗത്തിന് ലഭിക്കും. മേൽപ്പറഞ്ഞ രോഗങ്ങൾക്ക് പുറമേ, ഗ്യാസ്ട്രോന്റോളജി, ന്യൂറോളജി, അപകടം മൂലമുള്ള ട്രോമാകെയർ എന്നീ 3 വിഭാഗങ്ങൾകൂടി ഉൾപ്പെടുത്തി വിപുലമാക്കിയിട്ടുണ്ട്. ആർ.എസ്.ബി.വൈ കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകട മരണം സംഭവിച്ചാൽ 2 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. ഗുരുതരമായ തീപ്പൊള്ളലേറ്റാലും (60% മുകളിൽ) 2,00,000 രൂപ വരെ നഷ്ടപരിഹാരം ലഭിക്കും.

(ഡി) ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര വീതമാണ്;

(ഡി) കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡ പ്രകാരം കേരളത്തിലെ 11.79 ലക്ഷം ബി.പി.എൽ.കുടുംബങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 75% കേന്ദ്ര സർക്കാരും ബാക്കി പ്രീമിയം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയിൽ ചേർന്ന എ.പി.എൽ. കുടുംബങ്ങളുടെ പ്രീമിയം തുക

അവരിൽ നിന്നുതന്നെ ഈടാക്കുകയും, മറ്റ് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ മുഴുവൻ പ്രീമിയം തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

(ഇ) സംസ്ഥാനത്തെ അർഹരായവർ ക്കെല്ലാം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത അർഹരായ മുഴുവൻ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിലെ എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും പേര് രജിസ്റ്റർ ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. രജിസ്റ്റർ ചെയ്ത അർഹരായ എല്ലാ കുടുംബങ്ങൾക്കും സ്മാർട്ട് കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ